കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) 2014-15 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ അഗ്രികാർഡ് വിതരണം ആരംഭിക്കുന്നതാണെന്ന് പറഞ്ഞിട്ടുള്ളതനുസരിച്ച് സംസ്ഥാനതല ഉദ്ഘാടനം 4-3-2014-ന് തിരുവനന്തപുരത്ത് നടന്നു. തുടർന്ന് അഗ്രികാർഡ് വിതരണത്തിനായി കനറാ ബാങ്ക്, കേരള ഗ്രാമീൺ ബാങ്ക് എന്നിവയുമായി സർക്കാർ തലത്തിൽ ചർച്ചകൾ നടന്നുവരുന്നു.

(ബി) കേരള സംസ്ഥാന കൃഷി വകുപ്പിന്റെ ഓൺലൈൻ കർഷക ഡേറ്റാബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 18.77 ലക്ഷം കർഷകർക്കാണ് അഗ്രികാർഡ് വിതരണം ചെയ്യാനുദ്ദേശിക്കുന്നത്.

(സി) അഗ്രികാർഡുകൾ അടിസ്ഥാന രേഖയാക്കി താഴെപ്പറയുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുവാനാണ് 2014-15 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്.

- കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും മറ്റു സഹായങ്ങളും
- ബാങ്കുകളിൽ നിന്നും 4.1 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ (crop loan)
- 7 ശതമാനം പലിശ നിരക്കിൽ മദ്ധ്യകാല-ദീർഘകാല വായ്പകൾ. ഇതിന് 50 ശതമാനം പലിശ സബ്സിഡി നൽകുന്നു.

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി പദ്ധതി

6 (*576) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്.

(ബി) വൈകല്യം മുൻകൂർ കണ്ടുപിടിക്കുക, തടയുക, ഇടപെടുക, വൈകല്യബാധിതരുടെ വിദ്യാഭ്യാസം, തൊഴിൽ പുനരധിവാസം എന്നീ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) ഭരണതലത്തിൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് എന്ന പദ്ധതിയുടെ നടത്തിപ്പിലേക്കായി G.O.(Ms)No.46/2012/SWD തീയതി 30-7-2012 സർക്കാർ ഉത്തരവുപ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾ എടുക്കുന്നത് ഈ കമ്മിറ്റിയാണ്. ടി പദ്ധതി നടത്തിപ്പിനും മേൽനോട്ടത്തിനുമായി സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ Implementation and Monitoring Committee രൂപീകരിച്ചിട്ടുണ്ട്. ഇവ കൂടാതെ ടി പദ്ധതിയുടെ നോഡൽ ഏജൻസിയായി കേരള സാമൂഹ്യ സുരക്ഷാ മിഷനെയും പ്രോജക്ട് ഡയറക്ടറായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പദ്ധതി നടത്തിപ്പിനായി നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ബയോഗ്യാസ് ഉൽപ്പാദനവും വിപണനവും

7 (*577) ശ്രീ. സി. കൃഷ്ണൻ :
പ്രൊഫ. സി. രവീന്ദ്ര നാഥ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബയോഗ്യാസ് ഉല്പാദനത്തിന് സാദ്ധ്യതകൾ ഏറെയുണ്ടായിട്ടും അവ പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ സംസ്ഥാനം ഏറെ പിന്നിലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ബയോഗ്യാസ് ഉല്പാദനവും വിപണനവും വ്യാപകമാക്കാൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നതിനായി ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly